**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5712** | **13-08-2021 - ൽ മറുപടിയ്ക്ക്**

**ഇതര ഉപജീവനമാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാ വ്യതിയാനവും മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുന്നതു മൂലം മത്സ്യബന്ധന മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഇതര ഉപജീവനമാർഗ്ഗങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ ഏജൻസികളായ സാഫും മത്സ്യഫെഡും മത്സ്യബന്ധന മേഖലയിൽ ഇതര ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനായി 2010 മുതൽ സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിയ്ക്കുന്നു. കൂടാതെ തീര മൈത്രി സംരംഭക യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിയ്ക്കുന്നതിനു പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ബാങ്കുകൾ വഴി ഗ്രൂപ്പുകൾ കണ്ടെത്തുന്ന ലോണിന്റെ പലിശ സബ്സിഡി, മാർക്കറ്റിംഗ് സഹായങ്ങൾ എന്നിവ സാഫിൽ നിന്നും അനുവദിയ്ക്കുന്നു. തീര മൈത്രി യൂണിറ്റുകൾക്ക് ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക വിദ്യാ നവീകരണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനുമായുള്ള സാമ്പത്തിക സഹായവും സാഫിൽ നിന്നും നൽകുന്നുണ്ട്.<br>അഷ്ടമുടി ഫേസ് II പദ്ധതി പ്രകാരം 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിൽ ഉൾപ്പെടുത്തി കൊല്ലം കുണ്ടറയിൽ അപ്പാരൽ പാർക്ക് ആരംഭിച്ചിട്ടുണ്ട്. അതുവഴി ഇവർക്ക് സുസ്ഥിരമായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നു. 3R Package for Ensuring Sustainable Livelihood of Fisher women in Kerala (Rebuilding, Revival, Reforms) പദ്ധതിയുടെ ഭാഗമായി ആലപ്പുഴ കൊല്ലം ജില്ലകളിലും JLG Project for Ensuring Livelihood Security of Fisher women in Kerala 2020-21 പദ്ധതി പ്രകാരം |

തിരുവനന്തപുരം കൊല്ലം ആലപ്പുഴ എറണാകുളം എന്നീ ജില്ലകളിൽ മത്സ്യം തലച്ചുമടായി വില്പന നടത്തുന്നതും അനുബന്ധ മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കു ന്നതുമായ സ്ത്രീകൾക്കായി 2520 ഗുണഭോക്താക്കൾ അടങ്ങിയ 504 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 50000/- രൂപ 6 മാസം കൊണ്ട് തിരിച്ചടയ്ക്കാവുന്ന പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ആയി വിതരണം ചെയ്യുന്നു. തീരമൈത്രി സീ ഫുഡ് റെസ്റ്റാറൻറ് 2020-21 പദ്ധതി പ്രകാരം 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 9 തീരദേശ ജില്ലകളിലായി 46 തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾ രൂപീകരിച്ചു വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സുരക്ഷയും സ്ഥിര വരുമാനവും ഉറപ്പു വരുത്താൻ സാധിയ്ക്കുന്നു. ഗുണമേന്മയുള്ളതും വൃത്തി യുള്ളതും വിഷരഹിതവുമായ മത്സ്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് CIFT മായി ചേർന്ന് നിർമ്മിച്ച 20 ഹൈജീനിക് മൊബൈൽ റഫ്രിജെറേറ്റഡ് ഫിഷ് വെൻഡിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ നൽകി കഴിഞ്ഞു. കൊച്ചിൻ ഷിപ്പ്.യാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ വീതം അടങ്ങുന്ന 26 ഗ്രൂപ്പുകൾക്ക് ഹൈജീനിക് റഫ്രിജെറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ വിതരണം ചെയ്യുന്നു. ഈ പദ്ധതികളിൽ കൂടിയെല്ലാം മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ടതും സ്ഥിരമായതുമായ ഒരു തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതിനും അവരുടെ വരുമാനം ഉയർത്തുന്നതിനും സാധിയ്ക്കുന്നു.

മത്സ്യഫെഡിന്റെ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പ 10000/- രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/- രൂപ, എന്നിങ്ങനെ വിതരണം ചെയ്തു വരുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ വാങ്ങുന്നതിനുമായി Term വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു. MPEDA യുടെ കീഴിലുള്ള NETFISH എന്ന സ്ഥാപനത്തിന്റെ ധന സഹായത്തോടെ കോട്ടയം ജില്ലയിലെ SC/ST വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് 50 ലക്ഷം രൂപയും വനിതകളുടെ 5 സ്വയം സഹായ ഗ്രൂപ്പുകൾക്ക് സോളാർ ഫിഷ് ഡ്രയറുകൾ നൽകുന്നതിന് 20 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു |

സെക്ഷൻ ഓഫീസർ